# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*280** **16.12.2015 ൽ മറുപടിയ്ക്ക്**

## റബ്ബർ വിലസ്ഥിരതാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് :<br>ശ്രീ. രാജു എബ്രഹാം. :<br>ശ്രീ.സാജു പോൾ :<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) റബ്ബറിന്റെ വിലയിടിവ് പിടിച്ചു നിർത്താൻ ആവിഷ്കരിച്ച വിലസ്ഥിരതാ പദ്ധതി അവലോകനം ചെയ്തിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതി കൊണ്ട് ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടുണ്ടോ ; | (ബി) റബ്ബറിന്റെ വിലയിടിവ് പിടിച്ച് നിർത്തുവാൻ 03.07.2015 ലെ സ.ഉ(പി) നം.269/2015/ധന പ്രകാരം ആവിഷ്കരിച്ച 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പദ്ധതി നടത്തിപ്പ് പ്രാരംഭഘട്ടത്തിലാണ്. പദ്ധതി പുരോഗമിക്കുന്നതിനനുസരിച്ച് റബ്ബറിന്റെ വിലയിൽ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) പ്രസ്തുത പദ്ധതി നടത്തിപ്പിനിടയിലും റബ്ബർ വില കഴിഞ്ഞ ആറുവർഷത്തിനിടയിലെ ഏറ്റവും താഴ്ന്ന നിലയിലേക്കെത്തിയ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ഡി) ഈ പശ്ചാത്തലത്തിൽ പദ്ധതി നടത്തിപ്പ് കൂടുതൽ ഫലപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) & (ഡി) റബ്ബർ വിലയിൽ ഉണ്ടായ ഇടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. ധനമന്ത്രി കൂടി പങ്കെടുത്ത റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ അവലോകന യോഗത്തിൽ റബ്ബർ കർഷകരുടെ രജിസ്ട്രേഷൻ കാലാവധി ദീർഘിപ്പിക്കുവാനും, റബ്ബറിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുവാൻ പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റിനു കീഴിലുള്ള റോഡുകൾ റബ്ബറൈസ് ചെയ്യുന്ന കാര്യം പരിശോധിക്കുവാനും ഇറക്കുമതി നിരക്കിൽ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ മുഖേന RSS IV റബ്ബർ സംഭരിക്കാനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കാനും തീരുമാനം എടുക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**